# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 498

## (28.02.2017 ലെ മറുപടിക്ക്)

## എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.എം. വിൻസെന്റ് | ഡോ. തോമസ് ഐസക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുതലായവ മരാമത്ത് പണികൾ ടെണ്ടർ ചെയ്ത് കൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്താറുണ്ടോയെന്ന് വിശദമാക്കാമോ: | മരാമത്ത് പണികൾക്കുള്ള എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്താവുന്നതാണ്. |
| (ബി) | എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും മരാമത്തു പണികൾ ടെണ്ടർ ചെയ്തു കൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്തേണ്ട എന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇത്തരത്തിൽ നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | 29/2/2016-ലെ സ.ഉ.(പി)നം. 30/2016/ധന പ്രകാരം ഉപഭോക്തൃ സമിതി (ബെനിഫിഷറി കമ്മിറ്റി) മുഖേന നടത്തപ്പെടുന്ന മരാമത്തു പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്തേണ്ട എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഉപഭോക്തൃ സമിതികൾ ലാഭേച്ഛയോടെയല്ല പ്രവൃത്തികൾ ഏറ്റെടുക്കുന്നത് എന്നതുകൊണ്ടാണ് ഇങ്ങനെ നിർദ്ദേശിച്ചിട്ടുള്ളത് . |

സെക്ഷൻ ഓഫീസർ